# <u>ആരോഗ്യ വകുപ്പ് ഡയറക്ടറുടെ നടപടിക്രമം, തിരുവനന്തപുരം</u>

വിഷയം :- ആ.വ.ഡ- ജീവനക്കാര്യം - ശ്രീ.റിയാസ്.വി.കെ, ഡെന്റൽ മെക്കാനിക് പ്രൊബേഷൻ അവസാനിപ്പിച്ച് സർവ്വീസിൽ നിന്നും നീക്കം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം :- 1.എറണാകുളം ജില്ലാ മെഡിക്കൽ ഓഫീസറുടെ 16/12/2024-ലെ DMO/EKM/5414/2024-A7 എന്ന നമ്പർ കത്ത്

2. 03/02/2025-ലെ DHS/1417/2025/EF4 നമ്പർ കാരണം കാണിക്കൽ നോട്ടീസ്.

3. EF4-71405/2019/DHS Dated. 07/09/2019.

**<u>ഉത്തരവ് നം.ഇ.എഫ്4 - 1417 / 2025 /ആ.വ.ഡ തീയതി.20-06-2025</u>**

എറണാകുളം ജനറൽ ആശുപത്രിയിൽ ഡെന്റൽ മെക്കാനിക് ആയി ജോലി ചെയ്തിരുന്ന ശ്രീ. റിയാസ്.വി.കെ 28/05/2019-ൽ ജോലിയിൽ പ്രവേശിച്ചു. തുടർന്ന് 19/09/2019 **മുതൽ** 5 വർഷത്തെ ശൂന്യവേതനാവധി അനുവദിച്ചു. ശൂന്യവേതനാവധി കഴിഞ്ഞ് 19/09/2024-ന് തിരികെ ജോലിയിൽ പ്രവേശിക്കാതെ സേവനത്തിൽ നിന്നും വിട്ടു നിൽക്കുന്നതായി പരാമർശം (1) പ്രകാരം എറണാകുളം ജില്ലാ മെഡിക്കൽ ഓഫീസർ റിപ്പോർട്ട് ചെയ്തിരുന്നു. 28/05/2019-ൽ സേവനത്തിൽ പ്രവേശിച്ച പ്രൊബേഷണറായ ശ്രീ.റിയാസ്.വി.കെ അനധികൃതമായി ജോലിക്ക് ഹാജരാകാതിരുന്നതിനാൽ 1958 -ലെ കേരള സ്റ്റേറ്റ് ആൻഡ് സബോർഡിനേറ്റ് സർവ്വീസ് റൂൾസിലെ ചട്ടം 19 (a) (ii) പ്രകാരം പ്രൊബേഷൻ അവസാനിപ്പിക്കുന്നതിനും സർവ്വീസിൽ നിന്നും നീക്കം ചെയ്യുന്നതിനും താൽക്കാലികമായി തീരുമാനിച്ച് പരാമർശം (2) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകിയിരുന്നു. ടി തീരുമാനത്തിന്

എതിരായി ടിയാന് എന്തെങ്കിലും ബോധിപ്പിക്കാനുണ്ടെങ്കിൽ 15 ദിവസത്തിനകം സമർപ്പിക്കാനും നിർദ്ദേശിച്ചിരുന്നു. എന്നാൽ പ്രസ്തുത നോട്ടീസ് ടിയാൻ കൈപ്പറ്റുകയുണ്ടായില്ല . ടിയാൻ രാജ്യം വിട്ടിരിക്കുന്നുവെന്ന മറുപടിയാണ് തപാൽ മുഖേന ലഭിച്ചിട്ടുള്ളത്. ആയതിനാൽ ശൂന്യവേതനാവധി കഴിഞ്ഞ് പുനഃപ്രവേശിക്കുവാൻ താൽപര്യം പ്രകടിപ്പിക്കാതിരിക്കുന്ന ടിയാന്റെ നിലപാട് അംഗീകരിക്കുവാൻ കഴിയില്ല. കാരണം കാണിക്കൽ നോട്ടീസ് കൈപ്പറ്റാത്തതും മറുപടി നൽകാതിരിക്കുന്നതും കൃത്യ വിലോപവും ഗുരുതരമായ അച്ചടക്ക ലംഘനവുമാണ്. പ്രൊബേഷൻ കാലാവധിക്കുള്ളിൽ അനധികൃതമായി ജോലിക്ക് ഹാജരാകാതിരിക്കുന്നതിനാൽ ടിയാന്റെ വർക്ക് ആൻഡ് കോണ്ടക്ട് തൃപ്തികരമല്ല.

മേൽ സാഹചര്യത്തിൽ 1958-ലെ സ്റ്റേറ്റ് ആൻഡ് സബോർഡിനേറ്റ് സർവ്വീസ് റൂൾസിലെ ചട്ടം 19 (a) (ii) പ്രകാരം പ്രൊബേഷണറായ ശ്രീ.റിയാസ്.വി.കെ യുടെ പ്രൊബേഷൻ അവസാനിപ്പിച്ച് സർവ്വീസിൽ നിന്നും നീക്കം ചെയ്ത് ഇതിനാൽ ഉത്തരവാകുന്നു.

ജില്ലാ മെഡിക്കൽ ഓഫീസറും സ്ഥാപന മേധാവിയും ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചിരിക്കുന്ന ഈ ഉത്തരവിന്റെ പകർപ്പ് മേൽ നടപടിക്കായി ഉപയോഗിക്കേണ്ടതാണ്.

Signed by
Reena K J
Date: 20-06-2025 16:09:54

**ഡോ. റീന.കെ.ജെ**

**ആരോഗ്യവകുപ്പ് ഡയറക്ടർ**

സ്വീകർത്താവ്

Sri.Riyas.V.K
Koorith house
Othayi, Perakamanna.P.O

Edavanna, Malappuram.

പകർപ്പ്

1. ജില്ലാ മെഡിക്കൽ ആഫീസർ (ആരോഗ്യം), എറണാകുളം

2. സൂപ്രണ്ട്, ജനറൽ ആശുപത്രി, എറണാകുളം.

3. CA to DHS ( ആരോഗ്യവകുപ്പ് ഡയറക്ടറുടെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

4. ഫയൽ / കരുതൽ ഫയൽ